

കോവിഡ് വ്യാപനം നടക്കുന്നതിൻറെ പശ്ചാത്തലത്തിൽ വാഹനങ്ങളിലും നിരത്തുകളിലും വ്യാപാര സ്ഥാപനങ്ങളിലും ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് മിന്നൽ പരിശോധന നടത്തി. നിയന്ത്രണം പാലിക്കാതെ നിരത്തിലോടിയ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. ഒരു കാരണവശാലും ബസുകളിൽ യാത്രക്കാർ നിന്ന് യാത്ര ചെയ്യാൻ പാടില്ല.

ആലുവ മാർക്കറ്റിൽ ആളുകൾ കൂട്ടം കൂടാൻ പാടില്ല എന്ന് എസ്.പി നിർദ്ദേശം നൽകി. മൊത്തവ്യാപാരവും ചില്ലറ വ്യാപാരവും ഒരേ സമയം നടത്തരുത്. കടകളിൽ ആളുകൾ നിൽക്കുന്നതിനുള്ള സ്ഥലങ്ങൾ അടയാളപ്പെടുത്തണം. സാമൂഹ്യ അകലം പാലിക്കണം. സാനിറ്റൈസർ നിർബന്ധമാണ്. ആളുകൾ മാർക്കറ്റിൽ വരുന്നതിന് സമയക്ലിപ്തത എർപ്പെടുത്തണം.

എ.ടി.എം കൗണ്ടറുകളിൽ നടത്തിയ പരിശോധനയിൽ നിരവധി എ.ടി.എമ്മുകളിൽ സാനിറ്റൈസർ ഇല്ലെന്ന് കണ്ടെത്തി. ഈ ബാങ്കുകൾക്ക് നോട്ടീസ് നൽകും. മറ്റു വ്യാപാര സ്ഥാപനങ്ങളിലും, ഓട്ടോറിക്ഷാ സ്റ്റാൻറുകളിലും പരിശോധനടത്തി കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് ഉറപ്പു വരുത്തി. റൂറൽ ജില്ലയിലെ അഞ്ച് സബ്ഡിവിഷനുകളിലും പരിശോധന നടക്കുകയാണ്. ഇതിനായി സ്റ്റേഷൻ അടിസ്ഥാനത്തിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചതായി എസ്.പി പറഞ്ഞു. കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ എപ്പിഡമിക് ഡിസീസസ് ഓർഡിനൻസ് പ്രകാരം കേസ് എടുക്കും. . ജില്ലാ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും സേവന സജ്ജരായി കോവിഡ് കൺട്രോൾ റൂം പ്രവർത്തനം തുടരുകയാണ്. കോവിഡ് സംബന്ധമായ സംശയങ്ങൾക്കും, ആവശ്യങ്ങൾക്കും എപ്പോൾ വേണമെങ്കിലും ബന്ധപ്പെടാം.